## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5626 — 02.07.2019-ൽ മറുപടിക്ക്

### കോതമംഗലത്തെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോതമംഗലം മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നുയെന്ന് വ്യക്തമാക്കാമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോതമംഗലം മണ്ഡലത്തിൽ 38 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. |
| ബി) | ഇതിൽ എത്രപേർക്ക് ഭൂമി ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ; | ബി) | ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം നാല് കുടുംബങ്ങൾക്കും, നേര്യമംഗലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സർക്കാർ ഭൂമിക്കുള്ള പട്ടയം 20 കുടുംബങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഈ കുടുംബങ്ങൾക്ക് എത്ര സെന്റ് സ്ഥലമാണ് നല്കിയതെന്നും ഇതിനു വേണ്ടി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ; | സി) | ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം നാല് കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതവും ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 20 കുടുംബങ്ങൾക്ക് 10 സെന്റ് ഭൂമി വീതവും അനുവദിച്ചിട്ടുണ്ട്. ഭൂമി വാങ്ങി നൽകൽ പദ്ധതിക്കായി 36,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ഇവരിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശരേഖയും വനാവകാശ രേഖകളും നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ഡി) | നേര്യ മംഗലത്ത് ഭൂമി അനുവദിച്ച 20 കുടുംബങ്ങൾക്ക് പട്ടയവും 4 കുടുംബങ്ങൾക്ക് ഭൂമി പ്രമാണം ചെയ്തും നൽകിയിട്ടുണ്ട്. |
| ഇ) | അവശേഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വാങ്ങി നല്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | ഇ) | ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം അർഹരായ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ